Talented Bankers Literary Panel
പുസ്തക പരിചയം 163

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

സാപിയൻസ് (ജനകീയ ശാസ്ത്രം)
യുവാൽ നോവാ ഹരാരി

സാപിയൻസ് വായിച്ചുതീർത്തു. പത്തു വർഷങ്ങൾക്കു മുമ്പ് യുവാൽ നോവാ ഹരാരി എന്ന ഇസ്രായേൽ ചരിത്രകാരൻ എഴുതിയ Sapiens, A brief history of Humankind എന്ന പുസ്തകം മനുഷ്യരാശിയുടെ ഒരു ഹ്രസ്വ ചരിത്രമാണ്. നിസ്സാരമായ ആൾക്കുരങ്ങുകളിൽനിന്നും ലോകാധിപരിലേക്കുള്ള നമ്മുടെ വളർച്ചയുടെ, അസാധാരണ ചരിത്രത്തിന്റെ കൊതിപ്പിക്കുന്ന വിവരണം. ഈ ദശകത്തിലെ ബെസ്റ്റ് സെല്ലർ പുസ്തകങ്ങളിൽ ഒന്ന്...

അഞ്ഞൂറിലധികം പേജുകളുള്ള ഒരു പുസ്തകം കാലങ്ങൾക്ക് ശേഷമാണ് ഞാൻ വായിക്കുന്നത്. ഇതൊരു ചരിത്ര പുസ്തകം മാത്രമല്ല, ഒരു ശാസ്ത്ര പുസ്തകം കൂടിയാണ്. ചരിത്രത്തിലും ശാസ്ത്രത്തിലും താല്പര്യം ഉള്ളവരെ, വളരെ രസവും ലളിതവുമായി മറ്റൊരു ലോകത്തെക്ക്, വേറെ കാഴ്ചപ്പാടുകളിലേക്ക് എത്തിക്കുന്ന എഴുത്ത്...

നാല് ബില്യൻ വർഷങ്ങൾക്കു മുമ്പ് ഭൂമി എന്ന് വിളിക്കുന്നു ഗ്രഹത്തിൽ ചില തന്മാത്രകൾ ചേർന്നുണ്ടായ ജീവികൾ... ചരിത്രം ഉണ്ടായതിനു വളരെ മുമ്പ് തന്നെ മനുഷ്യർ ഉണ്ടായിരുന്നു.. എന്നാൽ ഏഴുപതിനായിരം വർഷങ്ങൾക്കുമുമ്പ് ഹോമോസാപ്പിയൻസ് സ്പീഷീസിൽ പെടുന്ന ജീവികൾ സംസ്കാരം എന്ന് വിളിക്കപ്പെടുന്ന കുറേക്കൂടി വിപുലവും വൈവിധ്യവുമുള്ള ഘടനകൾക്ക് രൂപംനൽകി. മൂന്നു പ്രധാന വിപ്ലവങ്ങൾ ചരിത്രത്തിന്റെ ഗതിയെ തിരിച്ചുവിട്ടു. എഴുപതിനായിരം വർഷങ്ങൾക്കു മുമ്പുണ്ടായ ജ്ഞാനവിപ്ലവം, 12000 വർഷങ്ങൾക്കു മുമ്പുണ്ടായ കാർഷിക വിപ്ലവം, അഞ്ഞൂറു വർഷങ്ങൾക്കു മുൻപ് മാത്രം വികസിതമായ ശാസ്ത്ര വിപ്ലവം. ഈ മൂന്ന് വിപ്ലവങ്ങൾ മനുഷ്യരെ എങ്ങനെ സ്വാധീനിച്ചു എന്നതിന്റെ കഥയാണ് ഈ പുസ്തകം.

അവൻ ഒരു സമൂഹമായി ജീവിക്കാൻ ഉണ്ടായ സാഹചര്യങ്ങളും അതിന്റെ ഗുണങ്ങളും..... അതിനായി ഭാഷയും ഗോസിപ്പുകളും (അതെ പരദൂഷണം തന്നെ) നൽകിയ സംഭാവനകൾ....പല സ്ഥലത്ത് വേട്ടയാടി നടന്ന അവൻ കാർഷിക വിപ്ലവത്താൽ ഒരു സ്ഥലത്ത് ഒന്നിച്ചു താമസിക്കുകയും സംസ്കാരങ്ങൾ വളർത്തിയെടുക്കുകയും ചെയ്തു.

അതിലൂടെ സാമ്രാജ്യങ്ങളും മതങ്ങളും സാമ്പത്തിക ഇടപാടുകളും ഉണ്ടായി...

മൊത്തം ഭക്ഷണത്തിന്റെ അളവിൽ വർധനവുണ്ടായെങ്കിലും അവന്റെ ഒഴിവുവേളകൾ കുറഞ്ഞു. ജനസംഖ്യ വർദ്ധിച്ചു. കൂടുതൽ സൗകര്യങ്ങൾ അനുഭവിക്കുന്ന വരേണ്യവർഗത്തിന്റെ ഉയർച്ചക്ക് കാർഷിക വിപ്ലവം കാരണമായി. മനുഷ്യൻ വിനോദങ്ങൾ കുറച്ച് കഠിനമായി അധ്വാനിച്ചു തുടങ്ങി...

പിന്നീടാണ് ശാസ്ത്രവിപ്ലവത്തിന്റെ വരവ്.... വെറും 500 വർഷങ്ങൾക്ക് മുമ്പ്.. മനുഷ്യവർഗ്ഗത്തിന് മാത്രമല്ല ഭൂമിയിലെ എല്ലാ ജീവികളുടെയും വിധി മാറ്റിമറിച്ച വിപ്ലവം.... മനുഷ്യൻ പിറന്ന ആഫ്രിക്കയിലും അവൻ സംസ്കാരങ്ങൾ ഉണ്ടാക്കിയ ഏഷ്യയിലും അല്ല, മറിച്ച് മുമ്പുവരെ ലോകത്തിന് കാര്യമായ സംഭാവന നൽകാതിരുന്ന യൂറോപ്പിൽ നിന്നാണ് ശാസ്ത്രവിപ്ലവം തുടങ്ങിയത്...
ഇന്ത്യക്കോ ചൈനക്കോ അന്ന് സാധ്യമാകമായിരുന്ന സൈനിക-വ്യവസായ-ശാസ്ത്ര രംഗത്ത് യൂറോപ്പുകാർ മുന്നേറിയത് നമ്മുടെ താല്പര്യവും ദീർഘവീക്ഷണവും കുറവായതുകൊണ്ടാണെന്ന് ലേഖകൻ പറയുന്നു. എന്തും വിലക്ക് വാങ്ങാമായിരുന്നു എന്ന് നമ്മൾ കരുതിയ അഹന്തകൊണ്ട്....

ഒടുവിൽ അയാൾ പറയുന്നു.....നാം നഗരങ്ങൾ പണിതു. സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. വിദൂരദേശങ്ങളിൽ വ്യാപാര ശൃംഖലകൾങ്ങൾ സ്ഥാപിച്ചു. ക്ഷാമവും പകർച്ചവ്യാധിയും യുദ്ധവും കുറഞ്ഞു.
എന്നാൽ നമ്മൾ മറ്റു ജീവികൾക്ക് ഏറെ ദുരിതം നൽകി...
മനുഷ്യരാശിയുടെ പുരോഗമനം സമീപകാലത്ത് ഉണ്ടായതാണ്. കൊതുമ്പുവള്ളങ്ങളിൽ നിന്നും തുടങ്ങി സ്പെയ്സ് ഷട്ടിലുകളിലായി നാം മുന്നേറി.... എന്നാൽ നാം എവിടേക്ക് പോകുന്നുവെന്ന് ആർക്കും അറിഞ്ഞുകൂടാ... ഈ ശക്തി എങ്ങനെ വിനിയോഗിക്കണമെന്ന് അറിഞ്ഞുകൂടാ.... കൂടുതൽ നിരുത്തരവാദികളായി, നമ്മുടെ സുഖവും വിനോദവും കണ്ടെത്തിയിട്ടും നമ്മൾ സംതൃപ്തരായില്ല...

തങ്ങൾക്ക് എന്താണ് വേണ്ടതെന്ന് അറിഞ്ഞുകൂടാത്ത അസംതൃപ്തരും നിരുത്തരവാദികളുമായി, കൂടുതൽ അപകടകാരിയായ ജീവികളായി നാം മാറികഴിഞ്ഞു....

മലയാളം പ്രസാധകർ - മഞ്ജുൾ
വില - Rs.499/